# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം. (പി 11) 212/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 03/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം. (പി 11) 212/23 തീയ്യതി: 03/04/2023

## എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ടെസ്സി.എം, ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ.കെ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
പ്രസാദ്.പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ടിനു.കെ.ജെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| സൈന ബാബു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ജെയ്ൻ വർഗീസ് പാത്താടൻ | സെക്രട്ടറി | 01-04-2021 | 23-12-2021 |
| അഫ്സൽരാജ്.എം.ആർ | സെക്രട്ടറി | 24-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുനിൽ.പി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-07-2021 |
| സുരേഷ്.എസ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 31-03-2022 |
| സാബിറ ബീവി.പി.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| റീന മാത്യു | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 26-05-2021 |
| സിയാദ്.എച്ച് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 27-05-2021 | 31-03-2022 |
| ഷെയ്ക്ക് അൻവർ.കെ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഷെറി മാത്തൻ | വെറ്ററിനറി സർജൻ | 01-04-2021 | 10-11-2021 |
| മഞ്ജു സോമൻ | വെറ്ററിനറി സർജൻ | 11-11-2021 | 03-02-2022 |
| ഷൈജു.പി | വെറ്ററിനറി സർജൻ | 04-02-2022 | 22-02-2022 |
| റിൻസി.എം.അലി | വെറ്ററിനറി സർജൻ | 23-02-2022 | 31-03-2022 |
| കൃഷ്ണകുമാർ.ഒ.എച്ച് | അസിസ്റ്റന്റ് എഞ്ചിനിയർ(എൽ.എസ്.ജി.ഡി) | 01-04-2021 | 31-03-2022 |
| സുജാത.എം.എൻ | എച്ച്.എം | 01-04-2021 | 31-03-2022 |
| സജീവ് കുമാർ.പി.ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| സൂസൻ പോൾ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 09-04-2021 |
| സലീന.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10-04-2021 | 31-03-2022 |
| ജിസ്ന സുനിൽ | വി. ഇ. ഒ | 01-04-2021 | 31-03-2022 |
| വിമൽരാജ് | വി. ഇ. ഒ | 01-04-2021 | 31-03-2022 |
| കൃഷ്ണകുമാർ.പി.എം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 19-04-2021 |

| | | | |
|---|---|---|---|
| ബിബിത വിശ്വം | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 20-04-2021 | 31-05-2021 |
| ടിന്റു സാറ രാജു | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-06-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തെറ്റായ ഉപയോഗ ക്രമം നൽകി വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചു. | 1-11 |
| 13 | കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാതെ കെട്ടിടനമ്പർ അനുവദിക്കാതെ ഓഡിറ്റോറിയം നികുതി ഒഴിവാക്കി പ്രവർത്തിക്കുന്നു. | 1-12 |
| 14 | വ്യത്യസ്ത വീതി ഉള്ള ഒന്നിലധികം റോഡുകൾക്ക് ഒരു പേര് നൽകി സഞ്ചയയിൽ ചേർത്ത് വസ്തുനികുതി നിർണ്ണയിക്കുന്നു. | 1-13 |
| 15 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-14 |
| 16 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി | 1-15 |
| 17 | എൻ പി എസ് വിഹിതം ഈടാക്കിയില്ല | 1-16 |
| 18 | തനത് ഫണ്ടിൽനിന്ന് ദുരിതാശ്വാസം ഇനത്തിൽ തുക ചെലവഴിക്കുന്നു | 1-17 |
| 19 | മേജർ ഇറിഗേഷൻ വകുപ്പ് നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന തോട് ശുചീകരണം എന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കെത്തന്നെ പഞ്ചായത്തിൽനിന്നും ഈയിനത്തിൽ തുക ചെലവാക്കി | 1-18 |
| 20 | ഫ്ലാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങിയത് വ്യക്തികൾക്ക് വിഭജിച്ചു നൽകി - ലൈഫ് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കുന്നതിന് വിരുദ്ധമായി തുക അധികരിച്ചു | 1-19 |
| 21 | ഒഡിഎഫ് പ്ലസ് - പഞ്ചായത്ത് ക്വട്ടേഷൻ വിളിച്ച് നൽകുന്നതിന് പകരം ശുചിത്വമിഷനിൽനിന്നും നേരിട്ട് ചുമതലപ്പെടുത്തിയ വ്യക്തിക്ക് തുക നൽകി | 1-20 |
| 22 | മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നു. | 1-21 |

| | | |
|---|---|---|
| 23 | ഒരു ഗുണഭോക്താവിന് രണ്ട് തവണ ലാപ്ടോപ് വിതരണം നടത്തി - ചെലവ്തുക തടസ്സപ്പെടുത്തുന്നു. | 1-22 |
| 24 | കുഴൽകിണർ നിർമ്മാണം ഫലവത്തായില്ല -230000 രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 25 | കുടിവെള്ളവിതരണത്തിന് അധികതുക ചെലവഴിച്ചു-506800 രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 26 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- 1565000 രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 27 | ലൈഫ് ഭവനപദ്ധതി - അപാകതകൾ | 1-26 |
| 28 | സ്കൂൾ ഐ.ടി. ലാബ് - അധികനിരക്ക് നല്കിയത്-64686/- രൂപ നിരാകരിക്കുന്നു. | 1-27 |
| 29 | ബഡ്സ് സ്കൂളിലെ കുട്ടികളുടെ യാത്രാബത്ത സംബന്ധിച്ച് | 1-28 |
| 30 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട പൊതു ന്യൂനതകൾ | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സ്കൂൾ ഐ.ടി. ലാബ് - അധികനിരക്ക് നല്കിയത്-64686/- രൂപ നിരാകരിക്കുന്നു. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25.03.2021 തീയതിയിലെ 1(1) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 03.03.2022 തീയതിയിലെ (1) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 28240903.50 | 242678610 | 270919513.50 | 245484473 | 25435040.50 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021- 2022 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2021- 2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021- 22 വാർഷിക ധനകാര്യപത്രിക (റസീപ്റ്റ് & പേയ്മെന്റ് പത്രിക) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 24,26,78,610 | 7,46,99,218 | 16,79,79,392 |
| ചെലവ് | 24,54,84,473 | 7,35,01,063 | 17,19,83,410 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021 -22 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. ഗുണഭോക്താക്കൾക്കായി നേരിട്ട് ചെലവഴിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലെ 6,24,30,700/-രൂപ, തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള 2,94,69,622/- രൂപ എന്നിവ കണക്കിലെടുത്താലും ബജറ്റും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന വിധം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.7.2022 | 10.07.2022 |

### 1-2-1 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3.വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാംഖ്യാ അക്കൌണ്ട് പ്രകാരമുള്ള വരവ് തന്നെ

ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത് . വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. അക്രൂവൽ ചെയ്യുന്ന വരവുകൾക്ക് ജേണൽ എൻട്രി വഴി സമയാസമയങ്ങളിൽ ഡിമാന്റ് രേഖപ്പെടുത്തേണ്ടതും അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

4. ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(b) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓരോവർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൌണ്ടിൽ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തി അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 96,55,613 |
| വരവ് | 7,46,99,218 |
| ആകെ | 8,43,54,831 |
| ചെലവ് | 7,35,01,063 |
| നീക്കിയിരിപ്പ് | 1,08,53,768 |
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 64,686 |
| തടസ്സപ്പെടുത്തിയ തുക | 30,57,650 |

## 1-4 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 1,26,06,400 | 1,26,06,400 | 1,26,06,400* | 0 | 0 |
| വികസനഫണ്ട്-എസ്.സി.പി. | 0 | 67,30,000 | 67,30,000 | 67,30,000 | 0 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 1,93,70,000 | 1,93,70,000 | 80,30,799 | 1,13,39,201 | 0 |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 54,84,910 | 54,84,910 | 47,67,087 | 7,17,823 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic | 0 | 15,97,678 | 15,97,678 | 14,98,273 | 99,405 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 37,78,400 | 37,78,400 | 32,60,055 | 5,18,345 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic- Bank | 0 | 25,60,976 | 25,60,976 | 18,09,169 | 0 | 7,51,807 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Bank | 0 | 37,90,000 | 37,90,000 | 18,86,440 | 0 | 19,03,560 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320200399-ശുചിത്വമിഷൻ ഗ്രാന്റ് | 19,82,278 | 1,50,000 | 21,32,278 | 17,80,000 | 0 | 3,52,278 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- | 589249 | 721463 | 1310712 | 10,45,754 | | 2,64,958 |

| | | | | | | |
|---|---|---|---|---|---|---|
| അംഗൻവാടി പൂരക പോഷകാഹാരം-320100121 | | | | | | |
| 320200399-buds School Grant | 15,22,573 | 66,511 | 15,89,084 | 0 | 0 | 15,89,084 |
| 320300199-other Govt Agencies | 11,27,005 | 4,96,580 | 16,23,585 | 8,51,604 | 0 | 7,71,981 |
| 320100195-grant For Epidemic Control | 0 | 10,00,000 | 10,00,000 | 10,00,000 | 0 | 0 |
| 320900102-donation For Epidemic Control | 0 | 98,191 | 98,191 | 77,949 | 0 | 20,242 |

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്-ജനറൽ-9,63,600/-

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 129 | 7,05,14,376 | 100 | 5,06,36,197 | 9 | 20 | 77.5 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 4,751 | 7,61,503 | 7,66,254 | 764925 | 1329 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 2,94,69,622 | 2,94,69,622 | 2,94,69,622 | 0 |
| ആകെ | 4,751 | 3,02,31,125 | 3,02,35,876 | 3,02,34,547 | 1,329 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 95,69,600 | 337 |
| വിധവാപെൻഷൻ | 1,45,04,200 | 784 |
| വാർദ്ധക്യകാലപെൻഷൻ | 3,27,52,800 | 2163 |
| വികലാംഗപെൻഷൻ | 47,48,500 | 196 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 8,55,600 | 39 |
| വിധവകളുടെ | 1,80,000 | 6 |

| | | |
|---|---|---|
| പെൺമക്കളുടെ വിവാഹധനസഹായം | | |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.02.2023 തീയതിയിൽ ഉച്ചയ്ക്ക് 2.20 P.M ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30958/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ മുൻബാക്കിയിൽ വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല. അഡ്വാൻസ് , ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ അതാതു ഹെഡുകളിലെ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല. ധാരാളം കറക്ഷൻ എൻട്രികൾ തൻവർഷം നടത്തിയിരിക്കുന്നു.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. മരാമത്ത് പ്രവൃത്തികളുടെ ഫയൽ സൂക്ഷിപ്പിൽ ധാരാളം അപാകതകളുണ്ട്

6.പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല .
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.12.2021 | 06/2021-11/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.09.2015 | 2010-11 മുതൽ 2014-15 വരെ | 26.10.2015 |

1-11 തെറ്റായ ഉപയോഗ ക്രമം നൽകി വാണിജ്യ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചു.

താഴെ ചേർത്ത കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ, എന്ന ഉപയോഗക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 40 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 55 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി കുന്നുകര ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 40 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 55 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | കുറവ് | വസ്തു നികുതി നിർണ്ണയിച്ച വർഷം | 2022 വരെ കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 3/483 | സി ഒ ജോസ്, ചിറക്കമണവാളൻ, അയിരൂർ പി.ഒ | 108.52 ച.മീ | 4340.08 - 434.008 (കാലപ്പഴക്കം ഇളവ്)= 3907 | 5968.6 - 596.86 = 5372 | 1465 | 2013 ഒന്നാം അർദ്ധ വർഷം | 14650 |
| 2 | 15/273/A | സജിമോൻ,കോട്ടക്കൽ, ആറ്റുപുറം ,അയിരൂർ | 103.17 | 4126.8 - 412.68 (മേഖല 10% ഇളവ്) - 412.68(മേൽക്കൂര 10% ഇളവ്) + 825.36(വഴി സൌകര്യം 20% വർദ്ധനവ്) =4127<br>നിശ്ചയിച്ചത് = 4550 | 5674.35 - 567.44 - 567.44 + 1134.87 = 5674 | 1124 | 2013 ഒന്നാം അർദ്ധ വർഷം | 11240 |
| ആകെ വസ്തുനികുതി കുറവ് | | | | | | 2589 | | 25890 |

ഇവയിൽ ക്രമ നമ്പർ 1 ന്റെ മേൽക്കൂരയിൽ 2013 മുതൽ മാറ്റം വന്നതായി ഫോം-6, അസസ്സ്മെന്റ് ഡീറ്റെയ്ൽസ് എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ 2 - നിലവിലുള്ള 15/273/A നമ്പർ കെട്ടിടത്തിന്റെ ARV അടിസ്ഥാനത്തിലുള്ള വാർഷിക കെട്ടിടനികുതി 3640/- രൂപയും(എൽ.സി ഇല്ലാതെ) കെട്ടിട നമ്പർ 8/128/D ഉം ആയിരുന്നു. 2012 രണ്ടാം അർദ്ധവർഷം വരെ ഈ തുകയാണ് വസ്തുനികുതി ആയി ഡിമാന്റ് ചെയ്ത് ഈടാക്കിയത്. 2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു


കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ നൂറ്റി അൻപത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും ഈ പരിധിക്ക് വിധേയമായി നിലവിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി നിശ്ചയിക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 27-4-2015 ലെ സ.ഉ.(എം.എസ്)നം.144/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈ വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. മേൽ സൂചിപ്പിച്ച കെട്ടിത്തിന്റെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുമ്പോൾ ആയത് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ നൂറ് ശതമാനത്തിൽ (7280/-രൂപ) അധികരിക്കുന്നില്ല. ആയതിനാൽ തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കാവുന്നതാണ്.

തെറ്റായി ഉപയോഗക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ചത് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ – 1/8-2-2022) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗ ക്രമം നൽകാനുണ്ടായ സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. തെറ്റായ ഉപയോഗ ക്രമം നൽകിയതിനാൽ പ്രതിവർഷം 2589 രൂപയും 2022 വരെ 25890/- രൂപയും വസ്തുനികുതി നഷ്ടമുണ്ടായിട്ടുണ്ട്. ടി കെട്ടിടങ്ങൾക്ക് ശരിയായ ഉപയോഗ ക്രമം നൽകി വസ്തുനികുതി നിർണ്ണയിച്ച് സഞ്ചയയിൽ രേഖപ്പെടുത്തി കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

1-12 കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാതെ കെട്ടിടനമ്പർ അനുവദിക്കാതെ ഓഡിറ്റോറിയം നികുതി ഒഴിവാക്കി പ്രവർത്തിക്കുന്നു.

Vikar സെന്റ് തോമസ് ചർച്ച് കുത്തിയതോട് & Others സമർപ്പിച്ച ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള പെർമ്മിറ്റ് അപേക്ഷയിന്മേൽ A1-BA(6917)/2019 തീയതി 19-2- 2019 നമ്പർ പ്രകാരം പെർമ്മിറ്റ് നൽകിയിട്ടുണ്ട്. ഓഡിറ്റോറിയം പണി പൂർത്തിയാക്കി ഉപയോഗിക്കുന്നുണ്ടെങ്കിലും നാളിത് വരെ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ നമ്പർ അനുവദിക്കുകയോ ചെയ്തിട്ടില്ല. 14-2-2023 ന് 1 PMന് അസിസ്റ്റന്റ് എഞ്ചിനിയർ, പഞ്ചായത്ത് ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഒന്നാം വാർഡിൽ കുത്തിയതോട് സെന്റ് തോമസ് ചർച്ചിൽ നിന്നും ഏകദേശം 200 മീറ്റർ അകലെ 'കുത്തിയതോട് ടൌൺ ഹാൾ' എന്ന പേരിൽ ടി ഓഡിറ്റോറിയം പണിതിട്ടുള്ളതായും കെട്ടിടത്തിന് 880.2 ച.മീ (54 X 16.3) തറ വിസ്തീർണ്ണമുള്ളതായും (Proposed Building Plan ൽ രേഖപ്പെടുത്തിയത് 611.62 ച.മീ) അഞ്ച് മീറ്ററിലധികം വീതിയുള്ള കണക്കൻ കടവ് – കുറുമശ്ശേരി റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ളതായും സെൻട്രലൈസ്ഡ് എ.സി സംവിധാനമുള്ളതായും ബോധ്യപ്പെട്ടു.






കെട്ടിടത്തിൽ സ്ഥാപിച്ച ഫലകത്തിൽ വി.ഓ തോമസ്, എം.പി ആന്റണി എന്നിവർ ട്രസ്ററികളായി 1-4-2018 ൽ കെട്ടിടത്തിന് തറക്കല്ലിട്ടതായും 24-12-2021 ന് ഉദ്ഘാടനം ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ 2021 രണ്ടാം അർദ്ധവർഷം മുതലോ 2022 ഒന്നാം അർദ്ധവർഷം മുതലോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാവുന്നതായിരുന്നു. ഈ കെട്ടിടത്തിൽ നിന്ന് കുറഞ്ഞത് 36969 രൂപ പ്രതിവർഷം വസ്തുനികുതി ആയി ലഭിക്കേണ്ടതാണ് (880.2 X 35 = 30807 - 3080.7 (മേൽക്കൂര 10% ഇളവ്)+ 3080.7 (സെൻട്രലൈസ്ഡ് എ.സി സംവിധാനം വർദ്ധനവ് - 10%)+ 6161.4 (വഴി സൌകര്യം 20% വർദ്ധനവ്) = 36969). 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235എഎ പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ അത് സെക്ഷൻ 203(2)ൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണ് ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതി ആയി നൽകേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിച്ച് ടി കെട്ടിടം ഉപയോഗിക്കുന്നതിനാൽ കെട്ടിടം റെഗുലറൈസ് ചെയ്യുന്നത് വരെയോ പൊളിച്ചു മാറ്റുന്ന തീയതി വരെയോ മേൽപ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാമായിരുന്നു. എന്നാൽ ആയത് പഞ്ചായത്ത് ചെയ്തില്ല. നിലവിൽ നിയമാനുസൃതമല്ലാതെ 800 ച.മീ ൽ അധികം നിർമ്മാണം നടത്തി നികുതി ഒഴിവാക്കി ടി ഓഡിറ്റോറിയം പ്രവർത്തിക്കുകയാണ്.

കെട്ടിടത്തിന്റെ പെർമ്മിറ്റ് വിവരങ്ങൾ പരിശോധിച്ചത് പ്രകാരം താഴെ ചേർത്ത അപാകതകളുള്ളതായി കാണുന്നു.

1) 21/4A1 സർവ്വേനമ്പറിൽ 15.98 ആർ (1598 ച.മീ), 21/4B1 സർവ്വേ നമ്പറിൽ 2.17 ആർ (217 ച.മീ) ഭൂമിയിൽ (ആകെ Land Area 1815 ച.മീ) ഓഡിറ്റോറിയം പണിയുന്നതിനാണ് പെർമ്മിറ്റ് നൽകിയത്. സെക്രട്ടറി അംഗീകരിച്ച പെർമ്മിറ്റ് സർട്ടിഫിക്കറ്റിൽ ഈ സർവ്വേ നമ്പറുകൾ മാത്രമാണ് രേഖപ്പെടുത്തിയത്. എന്നാൽ സെക്രട്ടറി അംഗീകരിച്ച Proposed Building Plan ൽ ഈ സർവ്വേ നമ്പറുകൾ കൂടാതെ 1650 ച.മീ വിസ്തീർണ്ണമുള്ള 73/4-3 സർവ്വേ നമ്പർ പാർക്കിംഗിനു വേണ്ടിയുള്ളതായും ആകെ Land Area 3474 ച.മീ ആയും രേഖപ്പെടുത്തിയിട്ടുണ്ട്. 73/4-3 സർവ്വേ നമ്പറിന് പെർമ്മിറ്റ് അനുവദിക്കാത്തതിനാൽ കെട്ടിടത്തിന് പാർക്കിംഗ് സൗകര്യം ഉണ്ടോ എന്നും പെർമ്മിറ്റ് അനുവദിക്കാത്ത ഭൂമിയിൽ നിർമ്മാണം നടത്തി ഉപയോഗിക്കുന്നുണ്ടോ എന്നും വ്യക്തമല്ല. ആയത് പരിശോധിച്ച് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) 73/4-3 സർവ്വേ നമ്പർ ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല. കരം അടച്ച രസീതിൽ ടി ഭൂമി നിലം (1659 ച.മീ)ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 73/4 ഡാറ്റാ ബാങ്കിൽ നെൽവയൽ ആയി രേഖപ്പെടുത്തിയിട്ടുണ്ട്. 73/4-3 ഡാറ്റാ ബാങ്കിൽ ഇല്ല. 21/4B1 സർവ്വേ നമ്പർ ഭൂമി കൈവശാവകാശ സർട്ടിഫിക്കറ്റിൽ Wet Land ആയി രേഖപ്പെടുത്തിയിട്ടുണ്ട്. 21/4B1 ഡാറ്റാ ബാങ്കിൽ ഇല്ല. 21/4B നികത്ത്ഭൂമി ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിയിൽ സ്വഭാവ വ്യത്യാസം വരുത്തി കെട്ടിടം

നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്ന് അനുമതി ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ഇല്ല. റവന്യൂ രേഖയിൽ /ബി റ്റി ആർ-ൽ നിലം, നെൽവയൽ, വെറ്റ് ലാൻഡ് എന്നിവയായി ഭൂമിയുടെ തരം രേഖപ്പെടുത്തുകയും, ഡേറ്റാബാങ്കിലോ, കരട് ഡേറ്റാബാങ്കിലോ ഉൾപ്പെടുന്നതുമായ ഭൂമിയിൽ 2015ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ യാതൊരു നിർമ്മാണ അനുമതിയോ, പെർമിറ്റോ, എൻഒസിയോ അനുവദിക്കാൻ പാടുള്ളതല്ല ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നത് 2008ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 14-ാം വകുപ്പിന്റെ ലംഘനമാണ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ കാര്യത്തിൽ വകുപ്പ് 27(എ) യിൽ സൂചിപ്പിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ആർ.ഡി.ഒ യിൽ നിന്നും ഉടമക്ക് ലഭ്യമാകുന്ന ഉത്തരവ് അടിസ്ഥാനമാക്കി പെർമ്മിറ്റ് അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രകാരമുള്ള യാതൊരു രേഖകളും പെർമ്മിറ്റ് ഫയലിൽ ഇല്ല.

മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറികൾ (നമ്പർ – 7/14-2-2023, നമ്പർ – 25/17-2-2023) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല, വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ്, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം എന്നിവ പ്രകാരം നടപടി സ്വീകരിച്ച് കെട്ടിടം റെഗുലറൈസ് ചെയ്യുന്നത് വരെയോ പൊളിച്ചു മാറ്റുന്ന തീയതി വരെയോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235എഎ പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 വ്യത്യസ്ത വീതി ഉള്ള ഒന്നിലധികം റോഡുകൾക്ക് ഒരു പേര് നൽകി സഞ്ചയയിൽ ചേർത്ത് വസ്തുനികുതി നിർണ്ണയിക്കുന്നു.

വ്യത്യസ്ത വീതി ഉള്ള ഒന്നിലധികം റോഡുകൾക്ക് ഒരു പേര് നൽകി സഞ്ചയയിൽ ചേർത്ത് വസ്തുനികുതി നിർണ്ണയിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) അഞ്ചാം വാർഡിലെ ചില റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | റോഡിന്റെ പേര് (കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡായി സഞ്ചയയിൽ ചേർത്തത്) | റോഡ് തരം |
|---|---|---|---|---|
| 1 | 5/465/A | പോൾസൺ,വിതയത്തിൽ വീട്,മലായിക്കുന്ന്, സൗത്ത് അടുവാശ്ശേരി, ,തോമസ്,വിതയത്തിൽ വീട്,മലായിക്കുന്ന്, സൌത്ത് അടുവാശ്ശേരി | മലായിക്കുന്ന് | 1.5 മീറ്ററോ അതിൽ കുറവ് |
| 2 | 5/506, 507 | ജോബി ജേക്കബ്,കാക്കുഴി,ആലാട്ടുചിറ ഏലിയാസ് ജോസഫ്,പേങ്ങാട്ട്,തിരുമാറാടി,സാബു യു ആർ,ഊരോത്ത്,കുത്താട്ടുകുളം | മലായിക്കുന്ന് | 1.5 മീറ്ററിൽ കൂടുതൽ |

14-2-2023 ന് 12.45 PM ന് നടന്ന സ്ഥല പരിശോധനയിൽ 1 - 5/465/A നമ്പർ കെട്ടിടത്തിന് 2.50 മീറ്ററിൽ അധികം വീതിയുള്ള പഞ്ചായത്ത് റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ളതായും കെട്ടിടത്തിൽ ഇലക്ട്രിക്കൽ വയർ പ്രൊഡക്ഷൻ യൂണിറ്റ് പ്രവർത്തിക്കുന്നതായും പരിശോധനയിൽ ബോധ്യപ്പെട്ടു.

എന്നാൽ 1.5 മീറ്ററോ അതിൽ കുറവുള്ളതോ ആയ റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ളതായി രേഖപ്പെടുത്തി വഴിസൗകര്യം ഇനത്തിൽ 2376.525 രൂപ വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ട്. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | കെട്ടിട നമ്പർ | മേഖല | റോഡിന്റെ പേര് (കെട്ടിടം സ്ഥിതി ചെയ്യുന്ന റോഡായി സഞ്ചയയിൽ ചേർത്തത്) | റോഡ് തരം | മേഖല ഇനത്തിൽ അനുവദിച്ച വസ്തുനികുതി ഇളവ് |
|---|---|---|---|---|---|
| 1 | 4/28/A | ദ്വിതീയം | KUTTIYAL - OOZHAMKADAVU ROAD | 1.5 മീറ്ററിൽ കൂടുതൽ | 43.99 |
| 2 | 4/46/D | ദ്വിതീയം | കുറ്റ്യാൽ ഊഴംകടവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | കാർഷികാവശ്യത്തിനുള്ളവ |
| 3 | 4/129/A | ദ്വിതീയം | കുറ്റ്യാൽ- ഊഴംകടവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | 30.59 |
| 4 | 4/422/A | ദ്വിതീയം | കുറ്റിയാൽ - ഊഴംകടവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | 68.47 |
| 5 | 4/422/B | പ്രഥമം | കുറ്റാൽ ഊഴംകടവ് റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | - |
| 6 | 4/425/A | ദ്വിതീയം | കുറ്റിയാൽ - ഊഴംകടവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | 76.18 |

കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 23-09-2011 ലെ വസ്തുനികുതി പുതുക്കുന്നതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം കുറ്റിയാൽ - ഊഴംകടവ് റോഡിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ മേൽ ചേർത്ത കെട്ടിടങ്ങളിൽ ക്രമ നമ്പർ - 1, 3, 4, 6 എന്നിവയെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ട്. എന്നാൽ കുറ്റിയാൽ - ഊഴംകടവ് റോഡിന്റെ പേര് വ്യത്യസ്തമായ തരത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തിയതിനാൽ ഏത് റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിങ്ങളാണ് പ്രഥമ മേഖലയിൽ ഉൾപ്പെട്ടത് എന്ന് വ്യക്തമല്ല.

നാലും അഞ്ചും വാർഡിലെ ചില ഉദാഹരണങ്ങൾ മാത്രമാണ് മേൽ ചേർത്തത് . എല്ലാ വാർഡിലും സമാനമായി ഒരു പേരിൽ വ്യത്യസ്ത വീതിയുള്ള റോഡുകൾ സഞ്ചയയിൽ ചേർത്ത് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. മേൽ അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ – 16/16-02-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. സഞ്ചയയിൽ ചേർത്ത എല്ലാ റോഡുകളും സംബന്ധിച്ച് വിശദമായി

അന്വേഷണം നടത്തേണ്ടതും നിലവിലില്ലാത്ത റോഡുകൾ നീക്കം ചെയ്ത് യഥാർത്ഥ റോഡുകളുടെ വിവരം മാത്രം സഞ്ചയയിൽ ചേർത്ത് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഒരു റോഡിന്റെ പേര് വ്യത്യസ്തമായ തരത്തിൽ ചേർക്കുന്നതും ഒഴിവാക്കേണ്ടതാണ്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

കുന്നുകര ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | Amy's Polyclinic Ayiroor | I, II |
| 2 | വിതയത്തിൽ ഹോമിയോ സ്പെഷ്യാലിറ്റി ക്ലിനിക്ക് അയിരൂർ | I, II |
| 3 | ഡോ.തനൂജാസ് ഹോമിയോപതിക് സ്പെഷ്യാലിറ്റി ക്ലിനിക്ക് നോർത്ത് അടുവാശ്ശേരി | I, II |

2) F.T.EO ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | മോട്ടോഹബ്ബ് ഏജൻസീസ് കുന്നുകര | 22 | 9/167/B |
| 2 | ഡോ.ലോജീസ് ഡെന്റൽ ക്ലിനിക്ക് കുന്നുകര | 137 | 9/140/A |
| 3 | പവിഴം ജ്വല്ലേഴ്സ് അയിരൂർ | 151 | 2/389 |
| 4 | ഗ്രീൻവാലി കോണ്ടിമെന്റ്സ് അയിരൂർ | 155, 156 | 3/483, 2/48 |
| 5 | Leads N Deals Inter Active Technologies | 194 | 1/56/B |
| 6 | സുപ്രീം പോളി ഇംപക്സ് ചുങ്കം | 202 | 638/74T, 639/74U |
| 7 | ഹെൽത്ത് പോയിന്റ് ഡയഗ്നോസ്റ്റിക്സ് അടുവാശ്ശേരി | 220 | 6/94/H |
| 8 | അക്ഷര ഇ സെന്റർ, കുറ്റിപ്പുഴ | 232 | 9/432 |
| 9 | Total Cable TV Network ചാലാക്ക | 263 | 13/218/H |

| | | | |
|---|---|---|---|
| 10 | ഡോ.അഞ്ജിതാസ് ഹെൽത്ത് കെയർ ഹോമിയോപ്പതിക് ക്ലിനിക്ക്, ചുങ്കം | 274 | 6/94/D |
| 11 | സാൻവിക ഫീഡ്സ്, സൌത്ത് അട്ടുവാശ്ശേരി | 281 | 6/501/A |
| 12 | ഗ്രീൻ സിഗ്നൽ കുന്നുകര | 296 | 8/150 |
| 13 | Secure Your Trips.com കുറ്റിപ്പുഴ | 308 | 9/459/439/d |
| 14 | മിത്ര സഹകരണനിധി ലിമിറ്റഡ്, കുന്നുകര | 338 | 10/228 |
| 15 | TIFFOT Private Limited കുന്നുകര | 340 | 10/400/C |

3) 2021-2022 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

4) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

മേൽ അപാകതകൾ സൂചിപ്പിച്ച്, മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നമ്പർ – 13/16-2-2023) നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമായില്ല. തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-15 സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജ്ജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ജി ഒ (പി) നമ്പർ 104/2021, 26.7.2021 പ്രകാരമുള്ള ഉത്തരവനുസരിച്ച് 1.6.2021 മുതൽ മുൻകാലപ്രാബല്യത്തോടെ യാണ് ആർജ്ജിതാവധി പണമാക്കൽ അടുത്ത 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുള്ളത്.

ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന ജീവനക്കാർ അവരുടെ 30ദിവസത്തെ ആർജ്ജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ

താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൗച്ചർ നം/ ചെക്ക് നമ്പര് തീയതി |
|---|---|---|---|---|
| 1 | ശ്രീ സുനിൽ പി എസ് | അസി:സെക്രട്ടറി | 62715 | 22100286/9.6.21 |
| 2 | ശ്രീ പ്രസാദ് എ | അക്കൗണ്ടന്റ് | 55722 | |
| 3 | ശ്രീമതി എം എസ് ഉഷ | ഹെഡ് ക്ലർക്ക് | 55722 | |
| 4 | ശ്രീമതി രജിനി എ ആർ | സീനി.ക്ലർക്ക് | 49395 | |
| 5 | ശ്രീമതി ലിജി കെ ആർ | സീനി.ക്ലർക്ക് | 46953 | |
| 6 | ശ്രീമതി ജയകുമാരി എ എസ് | സീനി. ക്ലർക്ക് | 45843 | |
| 7 | ശ്രീ ധിപിൻ ടി കെ | ക്ലർക്ക് | 37277 | |
| 8 | ശ്രീ അഖിലേഷ് ഡി | ക്ലർക്ക് | 38517 | |
| 9 | ശ്രീമതി റജീന എം | ക്ലർക്ക് | 33633 | |
| 10 | ശ്രീമതി സഫ്ന എസ് മുഹമ്മദ് | ടെക്നിക്കൽ അസിസ്റ്റന്റ് | 15497 (15 Days) | 22100288/9.6.21 |
| 11 | ശ്രീ ജെയിൻ വർഗീസ് പാത്താടൻ | സെക്രട്ടറി | 85692 | 22100289/9.6.21 |
| | ആകെ | | 526966 | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജ്ജിതാവധി പണമാക്കി മാറ്റി തുക ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 ലെ ആർജ്ജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. ആയതിനാൽ ഈയിനത്തിൽ നൽകിയ 526966/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 എൻ പി എസ് വിഹിതം ഈടാക്കിയില്ല

2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ ഡഫേഡ് സാലറി ഇനത്തിൽ മാറ്റിവച്ച തുക ജി ഒ (പി) നമ്പർ 43/21, 26.2.2021 ഉത്തരവ് പ്രകാരം ജീവനക്കാർക്ക് തിരികെ നൽകുന്നതിനായി വൌച്ചർ 345100നമ്പർ 10.5.21തീയതി പ്രകാരം പിൻവലിച്ചിട്ടുണ്ട്. ട്രഷറി ഡയറക്ടറുടെ 8.3.21 TRY/1380/2020-E1 നമ്പർ പ്രകാരമുള്ള കത്തിൽ ഏപ്രിൽ മാസത്തെ ശമ്പളം മുതൽ അഞ്ച് മാസം തുല്യമായി ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ സ്ഥാപനത്തിൽ ഇത് ഒരുമിച്ചാണ് നൽകിയിരിക്കുന്നത്. ഇതിൽ റജീന എ എം ക്ലർക്ക് എന്ന വ്യക്തി സാലറി ബിൽ പ്രകാരം എൻപിഎസ് സ്കീമിൽപ്പെടുന്നയാളാണ്.

ധനവകുപ്പിന്റെ 3.9.21 - ലെ 71/21നമ്പർ സർക്കുലർ പ്രകാരം സാലറി ഡഫർ ചെയ്യുന്നതിന് മുൻപ് ജീവനക്കാർക്ക് മുഴുവൻ ശമ്പളവും ലഭിച്ചത് മാർച്ച് 2020 – ൽ ആയതിനാൽ മാർച്ച് 2020 – ൽ എത്രയായിരുന്നു എൻ പി എസ് വിഹിതമായി ഈടാക്കിയത് അതേ തുക തന്നെ ഡഫേഡ് സാലറിയുടെ അവസാനഗഡുവിൽനിന്ന് ഈടാക്കി പ്രാൺ അക്കൌണ്ടിൽ അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ വൌച്ചർ പ്രകാരം മുഴുവൻ ഗഡുക്കളും ഒരുമിച്ച് ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. ഇതിൽ പ്രസ്തുത ജീവനക്കാരിയുടെ എൻ പി എസ് വിഹിതം ഈടാക്കി അടച്ചതായി കാണുന്നില്ല.

ഈ തുക ഈടാക്കി തൊഴിൽദാതാവിന്റെ വിഹിതംകൂടി ചേർത്ത് പ്രാൺ(PRAN) അക്കൌണ്ടിൽ അടവാക്കേണ്ടതാണ്.

## 1-17 തനത് ഫണ്ടിൽനിന്ന് ദുരിതാശ്വാസം ഇനത്തിൽ തുക ചെലവഴിക്കുന്നു

2003 – ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ

ചട്ടം 3 പ്രകാരം പഞ്ചായത്തിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികളുടെ ദുരിതനിവാരാണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽനിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി സൂക്ഷിക്കാവുന്നതാണ്. ആയത് പ്രകാരം കുന്നുകര ഗ്രാമ പഞ്ചായത്തിൽ ഒരു ദുരിതാശ്വാസനിധി കുന്നുകര സർവ്വീസ് സഹകരണ ബാങ്കിൽ 123100000008 നമ്പർ അക്കൌണ്ട് ആയി നിലവിലുണ്ട്. ഇതിൽ തൻവർഷത്തെ മുന്നിരിപ്പ് 5303/- രൂപയും നീക്കിയിരിപ്പ് 5540/- രൂപയുമാണ് ഉള്ളത്. ഈ വർഷം ഇതിൽ പലിശ ഒഴികെ മറ്റ് വരവ് ചെലവുകൾ ഇല്ല. ഇതുകൂടാതെ കുന്നുകര യു ബി ഐ - യിൽ 770702010006546 നമ്പർ ആയി മറ്റൊരു അക്കൌണ്ട് കൂടി കോവിഡ് ദുരിതാശ്വാസം എന്ന പേരിൽ 31.5.2021 - ൽ തുടങ്ങിയിട്ടുണ്ട്. ഇതിൽനിന്നും തൻവർഷം ദുരിതാശ്വാസം ഇനത്തിൽ വ്യക്തികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. അതു കൂടാതെ കോവിഡ് നിയന്ത്രണത്തിനുവേണ്ടി നിയമിച്ച താൽക്കാലിക ജീവനക്കാർക്ക് ഇതിൽനിന്ന് വേതനം അനുവദിച്ചിട്ടുണ്ട്.

ഇതുകൂടാതെ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ട് ആയ യു ബി ഐ 770702010001430 നമ്പർ അക്കൗണ്ടിൽനിന്നും താഴെപ്പറയുന്നപ്രകാരം വ്യക്തികൾക്ക് അവരുടെ അപേക്ഷ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ/ തീയതി | തുക | തുക കൈപ്പറ്റിയ വ്യക്തി |
|---|---|---|
| 22100668/10.9.21 | 10000 | നിസാർ പി എ |
| 22100674/14.9.21 | 5000 | ആനി തോമസ് |
| 22100675/14.9.21 | 5000 | മാർട്ടിൻ പി പി |
| 22101221/28.2.22 | 3000 | തങ്കമണി |
| 22101100/31.1.22 | 3000 | പങ്കജാക്ഷി അമ്മ |

ദുരിതാശ്വാസനിധി അക്കൗണ്ടിൽ ലഭിക്കുന്ന തുകയല്ലാതെ ഇപ്രകാരം തനത് ഫണ്ടിൽനിന്ന് ദുരിതാശ്വാസമിനത്തിൽ തുക അനുവദിച്ചതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് 17.02.23 തീയതി 27-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം തനത് ഫണ്ടിൽനിന്ന് ദുരിതാശ്വാസം ഇനത്തിൽ തുക ചെലവഴിക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാണ്.

## 1-18 മേജർ ഇറിഗേഷൻ വകുപ്പ് നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന തോട് ശുചീകരണം എന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കെത്തന്നെ പഞ്ചായത്തിൽനിന്നും ഈയിനത്തിൽ തുക ചെലവാക്കി

01.06.21 ലെ 3 - ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്തിലെ 10, 15 വാർഡുകളിലൂടെ കടന്നു പോകുന്ന അങ്കമാലി - മാഞ്ഞാലി തോട് ഫ്ലോട്ടിംഗ് ജെ സി ബി ഉപയോഗിച്ച് ശുചീകരിക്കുന്നതായും ടി പ്രവർത്തനം സുഗമമാക്കുന്നതിന് തോടിന്റെ ഇരുവശമുള്ളതും തോട്ടിലേക്ക് ചാഞ്ഞുകിടക്കുന്നതുമായ കാടുകളും വൃക്ഷച്ചില്ലകളും വെട്ടിമാറ്റുന്നതിനും ഓരോ വാർഡിലേക്കും 10000 രൂപ വീതം അനുവദിക്കണമെന്ന അതാത് വാർഡ് മെംബർമാരുടെ കത്ത് പരിഗണിച്ച് ഓവർസിയറുടെ വാല്വേഷന്റെ അടിസ്ഥാനത്തിൽ തുക നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനം എടുത്തിട്ടുണ്ട്. ഈ പ്രവർത്തിക്കായി താഴെപ്പറയുന്ന പ്രകാരം തുക ചെലവാക്കിയിട്ടുണ്ട്.

| ബിൽ നമ്പർ / തീയതി | തുക | വാർഡ് | കൈപ്പറ്റിയ വ്യക്തി |
|---|---|---|---|
| 22100439/31.7.21 | 9749 | 10 | ടി കെ റഷീദ് |
| 22100440/31.3.21 | 9620 | 15 | ടി കെ റഷീദ് |

അങ്കമാലി - മാഞ്ഞാലി തോട് ശുചീകരണം എന്ന പ്രവൃത്തിയിൽ തോട് ശുചീകരിക്കേണ്ടത് ടെണ്ടർ എടുത്തയാളുടെ ഉത്തരവാദിത്തമാണ്. മേജർ ഇറിഗേഷൻ വകുപ്പ് നിർവ്വഹണ ഏജൻസിയായി നടപ്പിലാക്കുന്ന തോട് നവീകരണം എന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കെത്തന്നെ പഞ്ചായത്തിൽനിന്നും ഇപ്രകാരം തുക ചെലവഴിച്ചതിന്റെ ആവശ്യകത സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇതു സംബന്ധിച്ച് മറുപടിയൊന്നും തന്നെ ലഭ്യമാക്കിയില്ല. മേജർ ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ വരുന്ന, പ്രസ്തുത വകുപ്പ് നിലവിൽ ടെണ്ടർ ചെയ്ത് വേല നടത്തിക്കൊണ്ടിരിക്കെ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് പ്രവൃത്തി നടത്തിയത് അനാവശ്യ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരം അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

1-19 ഫ്ലാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങിയത് വ്യക്തികൾക്ക് വിഭജിച്ചു നൽകി - ലൈഫ് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കുന്നതിന് വിരുദ്ധമായി തുക അധികരിച്ചു

2020-21 വർഷത്തിൽ പ്രോജക്ട് നമ്പർ എസ് 00136/21 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയും പ്രോജക്ട് നമ്പർ S00137/21 പ്രകാരം സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരായി ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് പണിതുനൽകുന്നതിനായി ആകെ 1,19,90,000/- രൂപക്ക് 44 ആർ 11 ച. മീ. വസ്തു വാങ്ങിയിട്ടുണ്ട്. ഇതിൽ 2019-20 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ഉൾപ്പെടുന്നു. ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം, എസ് സി പി വിഹിതം എന്നീ മൂന്ന് ഫണ്ടുകൾ ചെലവഴിച്ചാണ് സ്ഥലം വാങ്ങിയിരിക്കുന്നത്.

29.10.2021 – ലെ പഞ്ചായത്ത് കമ്മിറ്റി അജണ്ട 1, തീരുമാനം 1 പ്രകാരം 1 ഏക്കർ 7 സെന്റ് ആയുള്ള ഈ വസ്തു ഭൂരഹിത ഭവന രഹിതർക്ക് 3 സെന്റ് വീതം വിഭജിച്ചുനൽകുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.
2021- 22 വർഷത്തിൽ സർവ്വേ നമ്പർ 61/4 പ്രകാരമുള്ള ഈ വസ്തു താഴെപ്പറയുന്നപ്രകാരം വ്യക്തികൾക്ക് പ്ലോട്ടുകൾ ആയി വിഭജിച്ച് നൽകിയിട്ടുണ്ട്.

| പ്ലോട്ട് | നൽകിയ സ്ഥലത്തിന്റെ അളവ് |
|---|---|
| 1 To 25 | 03.00 Cent (1.215 R) |
| Plot 26 | 03.500 Cent (1.417 R) |
| Plot 27 To 34 | 03.00 Cent (1.215 R) |
| Plot 35 , 52 & 55 | 04.00 Cent (1.619 R) |
| Plot 36 To 48 | 03.00 Cent (1.215 R) |
| Plot 49 | 03.250 R (1.316 R) |
| Plot 50 & 51 | 03.00 Cent (1.215 R) |
| Plot 53 & 54 | 03.00 Cent (1.215 R) |

കുറഞ്ഞത് 3 സെന്റ് വസ്തു എല്ലാവർക്കും നൽകിയിട്ടുണ്ട്. 1,19,90,000/- രൂപക്ക് വാങ്ങിയ സ്ഥലത്തിന് (108.95 Cent) ഒരു സെന്റിന് ഏകദേശം 110050 രൂപ വില വന്നിട്ടുണ്ട്. മൂന്ന് സെന്റ് വസ്തുവിന് ആകെ 330150 രൂപയാണ് വില വരുന്നത്. ചിലർക്ക് 3 സെന്റിൽ കൂടുതൽ വസ്തുവും നൽകിയിട്ടുണ്ട്.

DB 1/304/2019, Lsgd, 26.3.2019 നമ്പർ സർക്കുലർ പ്രകാരം ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനുള്ള നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. അതുപ്രകാരം പഞ്ചായത്ത് പരിധിയിൽ ജനറൽ വിഭാഗത്തിന് 200000 രൂപയും എസ് സി വിഭാഗത്തിന് 225000 രൂപയും എസ് ടി വിഭാഗത്തിന് 250000 രൂപയും ആണ് പഞ്ചായത്ത് വിഹിതമായി അനുവദിക്കാവുന്നത്. എന്നാൽ ഇവിടെ പഞ്ചായത്ത് ഫ്ലാറ്റ് നിർമ്മാണത്തിന് വേണ്ടി വാങ്ങിയ ഭൂമി വിഭജിച്ചു നൽകിയപ്പോൾ ഓരോരുത്തർക്കും കുറഞ്ഞത് 330150 രൂപ ചെലവ് വന്നിട്ടുണ്ട്. 13 -ം പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കുന്നപ്രകാരം വ്യക്തികൾക്ക് സ്ഥലം വാങ്ങുന്നതിന് അനുവദിക്കാവുന്ന, ജനറൽ വിഭാഗത്തിന് 200000, എസ് സി വിഭാഗത്തിന് 225000 എന്ന പരിധിയിൽ കൂടുതലായാണ് സ്ഥലം വാങ്ങിയതിന്റെ ചെലവ് വന്നിരിക്കുന്നത്.

കൂടാതെ സ്ഥലം അളന്നു തിരിക്കുന്നതിന് ക്ലീൻ ചെയ്ത ഇനത്തിലും സ്ലോട്ട് തിരിച്ച് അതിർത്തി

നിർണ്ണയിക്കുന്നതിനും ജെ സി ബി ഉപയോഗിച്ച വകയിൽ 29880 രൂപ ബിനു വി ജി എന്നയാൾക്ക് നൽകിയിട്ടുണ്ട്.

ഇതു കൂടാതെ സ്ഥലം അളന്നുതിരിച്ച വകയിൽ സ്കാൻ എർത്ത് ഡിജിറ്റൽ സർവ്വേ എന്ന സ്ഥാപനത്തിനും തുക നൽകിയിട്ടുണ്ട്. ഈ സ്ഥലം ആർക്കൊക്കെയാണ് നൽകിയത് എന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ, ഗുണഭോക്തൃലിസ്റ്റ് എന്നിവ ഫയലിൽ ഇല്ല.
മേൽപ്പറഞ്ഞതു സംബന്ധിച്ചുള്ള വിശദീകരണം നൽകണമെന്ന് 26/17.02.23 നമ്പർ എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുകയും പിന്നീട് ആയത് വ്യക്തികൾക്ക് വിഭജിച്ച നൽകുകയും ചെയ്തതിലൂടെ ലൈഫ് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരിക്കുന്നതിന് വിരുദ്ധമായി തുക അധികരിച്ചത് സർക്കാർ ഉത്തരവിന്റെ വ്യക്തമായ ലംഘനമാണ്. ഈ സ്ഥല വിതരണം സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-20 ഒഡിഎഫ് പ്ലസ് - പഞ്ചായത്ത് ക്വട്ടേഷൻ വിളിച്ച് നൽകുന്നതിന് പകരം ശുചിത്വമിഷനിൽനിന്നും നേരിട്ട് ചുമതലപ്പെടുത്തിയ വ്യക്തിക്ക് തുക നൽകി

ശ്രീമതി രഞ്ജിത റെജി, മഞ്ഞപ്ര എന്ന വ്യക്തി ഒഡിഎഫ് പ്ലസ് - നു വേണ്ടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജി ഐ ഷീറ്റിൽ ബോർഡ് സ്ഥാപിച്ച ഇനത്തിലെ തുക നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 11,655/- രൂപ ബിൽ നമ്പർ 22101216/28.2.22പ്രകാരം തനത് ഫണ്ടിൽനിന്നും ടിയാളുടെ മഞ്ഞപ്ര ശാഖയിലെ എസ്ബിഐ -യുടെ 39941767913 നമ്പർ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്.

ആകെ 5 ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. 2385 രൂപയുടെ 1 ബോർഡ് , 4545 രൂപയുടെ 1 ബോർഡ് 1575 രൂപയുടെ 3 ബോർഡ് എന്നിങ്ങനെയാണ് സ്ഥാപിച്ചിരിക്കുന്നത്. ഇൻവോയ്സ് ലഭ്യമാക്കിയിരിക്കുന്നത് അജന്ത ഡിജിറ്റൽസ്, സി എം റോഡ്, പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ പേരിലാണ്. ഇതിനായി ക്വട്ടേഷൻ വിളിച്ചിട്ടുള്ളതായി കാണുന്നില്ല.

ആയതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 21/16.02.23 നമ്പർ ആയി നൽകിയ എൻക്വയറിക്ക് മറുപടിയായി ശുചിത്വമിഷനിൽനിന്നുള്ള നിർദ്ദേശപ്രകാരമാണ് ഈ സ്ഥാപനത്തിന് തുക അനുവദിച്ചതെന്നും ശുചിത്വമിഷനിൽനിന്നും നേരിട്ട് ചുമതലപ്പെടുത്തിയ വ്യക്തിയാണ് ബോർഡുകൾ സ്ഥാപിച്ചതെന്നതിനാൽ പഞ്ചായത്തിൽ ഇതു സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ ഇല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.
പഞ്ചായത്തിൽനിന്നും തുക ചെലവാക്കുമ്പോൾ പഞ്ചായത്ത് ക്വട്ടേഷൻ വിളിച്ച് നൽകുന്നതിന് പകരം ശുചിത്വമിഷനിൽനിന്നും നേരിട്ട് ചുമതലപ്പെടുത്തിയ വ്യക്തിക്ക് തുക നൽകിയത് ശരിയായ നടപടിയല്ല. ആയതിനാൽ ഈ ചെലവ് തുക 11655/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തിട്ടും സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നു.

ധനകാര്യ (എസ്.എഫ്.സി സെൽ ബി) വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി.-ബി1/71 /2017/ധന തിയതി 22.09.2017 പ്രകാരം സാമൂഹ്യ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ദിവസം തന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ നിർത്തേണ്ടതാണ്. എന്നാൽ കുന്നുകര ഗ്രാമപഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം പഞ്ചായത്തിലെ മരണ റിപ്പോർട്ട് ഫയലുകളും സേവന സോഫ്റ്റ് വെയറും പരിശോധിച്ചത് പ്രകാരം താഴെ ചേർത്ത ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത് മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചതിന് ശേഷവും പെൻഷൻ തുക അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ ഡി | മരിച്ച തീയതി | പഞ്ചായത്ത് മരണ റിപ്പോർട്ട് രജിസ്ട്രേഷൻ നമ്പർ/ തീയതി | അനർഹമായ പെൻഷൻ നൽകിയ കാലയളവ് | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | കുഞ്ഞപ്പൻ.വി.കെ, വെള്ളിയാംതോട്, ചാലാക്ക | വാർദ്ധക്യകാല പെൻഷൻ | 107030200230 | 15-8-2021 | 305/2021 തീയതി- 7-9-2021 | 9/21 മുതൽ 1/22 വരെ = 5 മാസം | 8000 |
| 2 | ഐഷുമ്മ കുഞ്ഞുമുഹമ്മദ്, മേനാമഞ്ചിപ്പറമ്പിൽ, അട്ടുവാശ്ശേരി | വാർദ്ധക്യകാല പെൻഷൻ | 107030200768 | 19-9-2021 | 338/2021 തീയതി - 1-10-2021 | 10/21 മുതൽ 1/22 വരെ = 4 മാസം | 6400 |
| 3 | ശശിധരൻ നായർ.സി.ജി, ചിറമട്ടക്കൽ, ചാലാക്ക | വാർദ്ധക്യകാല പെൻഷൻ | 107030200793 | 9-9-2021 | 340/2021 തീയതി - 1-10-2021 | 10/21 മുതൽ 1/22 വരെ = 4 മാസം | 6400 |
| 4 | സുഭാഷിണി വെളിയത്ത്, നോർത്ത് അട്ടുവാശ്ശേരി | വാർദ്ധക്യകാല പെൻഷൻ | 107030202547 | 24-4-2021 | 118/2021 തീയതി - 4-5-2021 | 5/21 മുതൽ 1/22 വരെ = 9 മാസം | 14400 |
| 5 | രവി.പി.എം, നോർത്ത് അട്ടുവാശ്ശേരി | വാർദ്ധക്യകാല പെൻഷൻ | 107030200679 | 23-5-2021 | 173/2021 തീയതി - 7-6-2021 | 6/21 മുതൽ 11/21 വരെ = 6 മാസം | 9600 |
| 6 | ചന്ദ്രൻ, പാലക്കൽ, ചെറിയതേയ്ക്കാനം, നോർത്ത് കുത്തിയതോട് പി.ഓ | വാർദ്ധക്യകാല പെൻഷൻ | 107030200287 | 19-6-2021 | 235/2021 തീയതി - 9-7-2021 | 7/21 മുതൽ 1/22 വരെ = 7 മാസം | 11200 |
| 7 | ടി.സി. മാധവൻ, താളൂപ്പാടത്ത്, കുന്നുകര, കുന്നുകര പി.ഓ | വാർദ്ധക്യകാല പെൻഷൻ | 107030200199 | 4-7-2021 | 251/2021 തീയതി - 22-7-2021 | 8/21 മുതൽ 1/22 വരെ = 6 മാസം | 9600 |
| 8 | തങ്കമണി, ഇരുപറ വീട്, ചാലാക്ക, കുത്തിയതോട്. പി. ഓ | വിധവാ പെൻഷൻ | 107030600006 | 10-7-2021 | 254/2021 തീയതി - 22-7-2021 | 8/21 മുതൽ 1/22 വരെ = 6 മാസം | 9600 |
| | ആകെ | | | | | | 75200 |

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 3.8.2018 ലെ സ.ഉ. (എം.എസ്) നം. 278/2018 ധന നമ്പർ ഉത്തരവ് പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ(എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ 05.11.2020 ലെ 67/2020/ധന. നമ്പർ സർക്കുലർ പ്രകാരം മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ മരണപ്പെട്ടത് റിപ്പോർട്ട് ചെയ്ത് ഡെത്ത് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ചതിന് ശേഷവും തുക അക്കൌണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/10-2-2023) ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും അക്കൌണ്ടിലേക്ക് മരണ ശേഷം നിക്ഷേപിച്ച തുക തിരിച്ചു പിടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. ഗുണഭോക്താക്കൾ മരണപ്പെട്ടത് പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്ത് മരണ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച് 5 മാസത്തിന് ശേഷം മാത്രം പെൻഷൻ സസ്പെന്റ് ചെയ്യുന്നത് ടി വിഷയത്തിലുള്ള പഞ്ചായത്തിന്റെ അശ്രദ്ധയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്താവ് മരണപ്പെട്ടാൽ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-22 ഒരു ഗുണഭോക്താവിന് രണ്ട് തവണ ലാപ്ടോപ് വിതരണം നടത്തി - ചെലവ്തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 12/22 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ ചെലവ് | രൂ. 381206/- (SCP) |
| ബിൽ നമ്പർ/ചെക്ക് നമ്പർ/തിയതി | 82/11-10-2021 |

മേൽ പദ്ധതിപ്രകാരം 14 വിദ്യാർഥികൾക്ക് ഓഡിറ്റ് വർഷത്തിൽ ലാപ് ടോപ് വിതരണം നടത്തിയിട്ടുണ്ട്. ഇതിലുൾപ്പെട്ട രോഷ്ന രമേശൻ, രേഷ്മനിവാസ്, ഹരിജൻ കോളനി10/160, കുന്നകര (വാർഡ് 10) എന്ന വിദ്യാർഥിനിക്ക് 2017-18 സാമ്പത്തികവർഷത്തിലും ലാപ് ടോപ് വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. 2017-18 വർഷത്തിലെ പദ്ധതി ആനുകൂല്യ വിതരണരജിസ്റ്ററിലാണ് ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. (പ്രൊജക്റ്റ് നമ്പർ 39/18, ക്രമ നമ്പർ 9,ആകെ ചെലവ് 453200 രൂപ, ഗുണഭോക്താക്കൾ16). (ടിയാളുടെ സഹോദരി രേഷ്മ രമേഷിന് 2015-16 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി നേരത്തേ ഒരു ലാപ് ടോപ്പ് നൽകിയിട്ടുള്ളതാണ്.) പതിമൂന്നാം പദ്ധതിമാർഗ്ഗരേഖപ്രകാരം (ഖണ്ഡിക 7.2.8.) ഒരു വിദ്യാർഥിക്ക് ഒരു തവണമാത്രമേ ലാപ് ടോപ് നല്കാവൂ എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതിനാൽ പദ്ധതിമാർഗ്ഗരേഖയിലെ വ്യവസ്ഥക്ക് വിരുദ്ധമായി രോഷ്ന രമേശൻ എന്ന വിദ്യാർഥിനിക്ക്, മുൻപ് ലാപ് ടോപ് നല്കിയിട്ടുള്ളതാണോ എന്ന വിവരം പഞ്ചായത്തിന്റെ രേഖകൾ പരിശോധിച്ച് കൃത്യത വരുത്താതെ രണ്ടാമതും ആനുകൂല്യം വിതരണം ചെയ്യാനിടയായതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ 4/10-2-23) നല്കിയിരുന്നു. ആയതിന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, 2017-18 ൽ പഞ്ചായത്തിൽ നിന്ന് അനുവദിച്ച ലാപ് ടോപ് പ്രളയത്തിൽ നശിച്ചുപോയതിനാൽ ഗുണഭോക്താവ് വീണ്ടും അപേക്ഷ സമർപ്പിക്കുകയും ആയത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തൻവർഷം വീണ്ടും ലാപ് ടോപ് നല്കിയതെന്ന് സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ ലാപ് ടോപ് പ്രളയത്തിൽ നശിച്ചതിനാൽ വീണ്ടും ലാപ് ടോപ് അനുവദിക്കണമെന്ന് ഗുണഭോക്താവ് അപേക്ഷയിൽ സൂചിപ്പിച്ചിട്ടില്ല. ഇത്തരമൊരു പ്രത്യേക സാഹചര്യം ചർച്ചചെയ്ത് പഞ്ചായത്ത് കമ്മിറ്റി രണ്ടാമത് ലാപ് ടോപ് അനുവദിക്കുന്നതിന് തീരുമാനമെടുത്തതിന്റെ രേഖ മറുപടിക്കൊപ്പം ഹാജരാക്കിയിട്ടുമില്ല. മറിച്ച് പൊതുവായ ഗുണഭോക്തൃലിസ്റ്റ് മാത്രമാണ് കമ്മിറ്റി അംഗീകരിച്ചതായി ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയത്. ഗുണഭോക്താവിന്റെ ഭവനം സ്ഥിതിചെയ്യുന്ന പ്രദേശം പ്രളയബാധിതമായിരുന്നില്ല എന്നാണ് പഞ്ചായത്ത് കാര്യാലത്തിൽ നടത്തിയ അന്വേഷണത്തിൽ നിന്ന് അറിയാൻ സാധിച്ചത്. രണ്ടാമതും ടിയാൾക്ക് ലാപ്ടോപ്പ് നൽകുവാൻ ഉണ്ടായ സാഹചര്യം എന്താണ് എന്നുള്ളതിന് കൃത്യവും വ്യക്തവുമായ മറുപടി ലഭ്യമാക്കുന്നത് വരെ ഒരു ലാപ്ടോപ്പിന്റെ ചെലവ്തുകയായ 27,229/- രൂപ തടസ്സപ്പെടുത്തുന്നു.

1-23 കുഴൽകിണർ നിർമ്മാണം ഫലവത്തായില്ല -230000 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 149/22 |
| നിർവ്വഹണം | സെക്രട്ടറി |
| ആകെ അടങ്കൽ | 230000 രൂപ |
| ആകെ ചെലവ് | 230000 രൂപ |
| ബിൽ നമ്പർ/തിയതി | 253/23-2-22 |

പഞ്ചായത്തിലെ വാർഡ് 14 ലെ ചാലാക്ക സ്കൂൾ ഗ്രൗണ്ട്, ചാലാക്ക ശ്മശാനം എന്നിവിടങ്ങളിലായി രണ്ട്

കുഴൽകിണറുകൾ കുഴിക്കുന്നതിന് ഭൂജലവകുപ്പ്, എറണാകുളം കാര്യാലയത്തിലേക്ക് പദ്ധതി പ്രകാരം 230000 രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) കൈമാറിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കുഴൽകിണർനിർമ്മാണം പൂർത്തിയായതായി രേഖയില്ല. പദ്ധതി സംബന്ധിച്ച നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 18) നല്കിയിരുന്നു. ചാലാക്ക സ്കൂൾ കോമ്പൌണ്ടിൽ കുഴൽകിണർ കുഴിച്ചിരുന്നുവെങ്കിലും ചെളിയും ഉപ്പും കലർന്ന വെള്ളമാണ് ലഭിച്ചതെന്നും അതിനാൽ ടി പദ്ധതി ഉപേക്ഷിക്കുകയായിരുന്നുവെന്നും മറുപടി നല്കിയിരിക്കുന്നു. ചെലവ് തുക തിരികെ ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി ഭൂജലവകുപ്പിന് നല്കിയ 230000 രൂപ തിരികെ ഈടാക്കുന്നതുവരെ തുക തടസ്സപ്പെടുത്തുന്നു.

1-24 കുടിവെള്ളവിതരണത്തിന് അധികതുക ചെലവഴിച്ചു-506800 രൂപ തടസ്സപ്പെടുത്തുന്നു.

2021-22 വർഷത്തെ സുലേഖ ചെലവ്പത്രിക പ്രകാരം കുടിവെള്ള വിതരണത്തിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. അവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ 81/22 | പ്രൊജക്റ്റ് നമ്പർ 94/22 |
|---|---|
| ആകെ അടങ്കൽ 1504822 രൂപ | ആകെ അടങ്കൽ 200000 രൂപ |
| ആകെ ചെലവ് 856800 രൂപ (വികസനഫണ്ട് ജനറൽ + തനത് ഫണ്ട്) | ആകെ ചെലവ് 200000 രൂപ (ധനകാര്യകമ്മീഷൻ അവാർഡ്) |

എന്നാൽ ഇത് സംബന്ധിച്ച ഫയലുകൾ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് താഴെ ചേർത്തിട്ടുള്ളവിധത്തിൽ ആകെ 1056800/- രൂപ ചെലവ് വന്നിട്ടുള്ളതായി കാണുന്നു.

| പ്രൊജക്റ്റ് നമ്പർ 81/22 | പ്രൊജക്റ്റ് നമ്പർ 94/22 |
|---|---|
| ഡവലപ്മെന്റ് ജനറൽ<br>1)87500/-(ബിൽ നമ്പർ 3/4-5-2021)<br>2)96500/-(ബിൽ നമ്പർ 321/18-3-22)<br>3)66600/-(ബിൽ നമ്പർ 376/26-3-22)<br>തനത് ഫണ്ട്<br>1)329200/- (ചെക്ക് നമ്പർ 45916/14-3-22)<br>2)277000(ചെക്ക് നമ്പർ 63596/14-2-22) | CFC അവാർഡ്<br>200000/-<br>(ബിൽ നമ്പർ 393/31-3-22) |
| ആകെ 856800 രൂപ (A) | ആകെ 200000 രൂപ (B) |
| ഗ്രാന്റ് ടോട്ടൽ(A+B) | 1056800 രൂപ |

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളവിതരണം നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് പ്ലാൻ/തനത് ഫണ്ടിൽ നിന്ന് തുക ചെലവ് ചെയ്യാൻ സ.ഉ.(സാധാ)നം.652/2022/ത.സ്വ.ഭ.വ. തിയതി 16-3-2022 പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. ഇത് പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 31-3-2022 വരെ 5.50 ലക്ഷം രൂപയാണ് ചെലവഴിക്കാൻ അനുമതിയുള്ളത്. മേൽ തുകയിൽ അധികരിക്കുന്ന കുടിവെള്ളവിതരണപ്രൊജക്റ്റുകൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ് എന്ന് ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ സർക്കാർ നിർദ്ദേശിച്ചതിൽനിന്നും അധികമായി 506800 രൂപ മേൽ രണ്ട് പദ്ധതികൾപ്രകാരം ചെലവാക്കിയതായി കാണുന്നു (1056800-550000=506800). ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 23 തീ.17.02.2023) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ അധികചെലവ്തുകയായ 506800 രൂപ തടസ്സപ്പെടുത്തുന്നു.

1-25 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- 1565000 രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുള്ള താഴെ ചേർത്തിട്ടുള്ള പദ്ധതിയുടെ ചെലവുമായി ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 17 തീയതി 16-2-23

പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ ചെലവ് തുകയായ 1565000/- രൂപ തടസ്സപ്പെടുത്തുന്നു.

| പദ്ധതിയുടെ പേര് | ചെലവ് തുക(രൂപ) | ബിൽ നമ്പർ/തിയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(പ്രൊജക്റ്റ് നമ്പർ 142/22) | 1565000 | 297/9-3-22 | കേരള വാട്ടർ അതോറിറ്റി, |

## 1-26 ലൈഫ് ഭവനപദ്ധതി - അപാകതകൾ

### 1. അധികമായി നല്കിയ 1,50,000/- രൂപ തിരികെ ഈടാക്കേണ്ടതാണ്

ശ്രീ കുട്ടി വേലായുധൻ, കോയിക്കാരൻ വീട്, കുത്തിയതോട് എന്ന ഗുണഭോക്താവിന് പ്രളയദുരിതാശ്വാസം ലഭിച്ച വ്യക്തിയാണെന്ന് ലൈഫ് പദ്ധതി ആനുകൂല്യവിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് സാധാ. നമ്പർ 2225/2021 ത.സ്വ.ഭ.വ. തീയതി 8-11-2021 പ്രകാരം പ്രളയദുരിതാശ്വാസമായി CMDRF ൽ നിന്ന് 2.5 ലക്ഷം രൂപ ലഭിച്ചിട്ടുള്ളവർക്ക് (60% മുതൽ 74 % വരെ നഷ്ടം സംഭവിച്ച വിഭാഗം) 1.5 ലക്ഷം രൂപ മാത്രമേ പഞ്ചായത്തിൽ നിന്ന് പുതിയ വീട് നിർമ്മിതിക്കായി നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീ കുട്ടി വേലായുധൻ 2.5 ലക്ഷം രൂപ സർക്കാരിൽ നിന്ന് പ്രളയദുരിതാശ്വാസം ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽനിന്ന് ലൈഫ് വിഹിതമായി 3 ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും അധികമായി കൈപ്പറ്റിയ 150000 രൂപ തിരികെ അടവാക്കേണ്ടതാണെന്നും സൂചിപ്പിച്ച് അസിസ്റ്റന്റ് സെക്രട്ടറി നം.എ.എസ്. 953/18 തിയതി 23-2-22 പ്രകാരം ഗുണഭോക്താവിന് കത്ത് നല്കിയിട്ടുണ്ട്. അധികമായി നല്കിയ 1.5 ലക്ഷം രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ അടവാക്കേണ്ടതാണ്. അധികചെലവ്തുകയായ 150000/- രൂപ തടസ്സപ്പെടുത്തുന്നു. ടിയാൾക്ക് തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗഡു | തുക | ബിൽ നമ്പർ/തീയതി |
|---|---|---|
| 1 | 40000 രൂപ | 87884/18-3-21 |
| 2 | 160000 രൂപ | 10688/7-6-21 |
| 3 | 100000 രൂപ | 68744/31-12-21 |

### 2. ആദ്യഗഡു നല്കി ഒന്നേകാൽ വർഷമായെങ്കിലും നിർമ്മാണം ആരംഭിച്ചിട്ടില്ല

ശ്രീ ബിജു കെ.കെ., കാരുചിറയിൽ (H) എന്ന ഗുണഭോക്താവിന് ലൈഫ് പദ്ധതി ആദ്യഗഡുവായി 40000 രൂപ അനുവദിച്ചിട്ടുള്ളതാണ് (ബിൽ നമ്പർ 596061/2.11.21). ടിയാളുമായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല. നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഭവനനിർമ്മാണം ആരംഭിക്കുന്നതിന് നിർദ്ദേശം നല്കുകയോ ആയത് സാധിക്കാത്ത സാഹചര്യത്തിൽ തുക തിരികേ ഈടാക്കുകയോ ചെയ്യേണ്ടതാണ്. അത് വരെ ആദ്യഗഡുവായി നല്കിയ 40000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 സ്കൂൾ ഐ.ടി. ലാബ് - അധികനിരക്ക് നല്കിയത്-64686/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 138/22 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി. സ്കൂൾ |
| ആകെ അടങ്കൽ | 700000 രൂപ |
| ആകെ ചെലവ് | 689220 രൂപ |

മേൽ പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലേക്ക് ഐ.ടി. ലാബ് ഉപകരണങ്ങൾ വാങ്ങി നല്കിയിട്ടുണ്ട്. സ്കൂളുകളിലേക്ക് ഐ.ടി. ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ഉത്തരവ്(സാധാ) നമ്പർ 830/2022/പൊ.വി.വ. തിയതി 14-2-2022 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളതാണ്. ഐ.ടി. ലാബ്

ഉപകരണങ്ങൾക്ക് മേൽ സർക്കാർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിരക്കിലും അധികമായാണ് പദ്ധതിപ്രകാരം ചില ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് . ഇത്തരത്തിൽ ആകെ 64686/- രൂപയുടെ അധികചെലവ് ഉണ്ടായിട്ടുണ്ട്. മേൽ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-28 ബഡ്സ് സ്കൂളിലെ കുട്ടികളുടെ യാത്രാബത്ത സംബന്ധിച്ച്

2021-22 വർഷത്തിൽ ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ എസ് 21/22 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠനസഹായം നൽകിയിട്ടുണ്ട്. ഇതിൽ ബഡ്സ് സ്കൂളിലെ കുട്ടികളും ഉൾപ്പെടുന്നുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം സ്കൂളിലേക്കുള്ള യാത്രാബത്ത ഇനത്തിൽ പ്രതിമാസം 1000/- രൂപ വീതം കണക്കാക്കി കുട്ടികൾക്ക് നൽകിയിട്ടുണ്ട്.

അതോടൊപ്പം അനൂപ് എന്നയാൾക്ക് പഞ്ചായത്തിന്റെ KL 42 E 8248 എന്ന ബഡ്സ് സ്കൂളിന്റെ വാഹനം 2022 ജനുവരി ഫെബ്രുവരി എന്നീ മാസങ്ങളിൽ ഓടിച്ചതിന് വേതനം നൽകിയിട്ടുണ്ട്.

ബഡ്സ് സ്കൂളിന് വേണ്ടി വാഹനവും അതിന്റെ ചെലവുകളും ഡ്രൈവറുടെ ചെലവുകളും പഞ്ചായത്തിൽനിന്ന് വഹിക്കുന്ന സാഹചര്യത്തിൽ വീണ്ടും ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി യാത്രാബത്ത ഇനത്തിൽ പ്രതിമാസം 1000/- രൂപ വീതം കുട്ടികൾക്ക് സ്കോളർഷിപ്പ് തുക നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ട പൊതുവായ ന്യൂനതകൾ താഴെ ചേർക്കുന്നു.

(1) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കുന്നില്ല.

3. പദ്ധതി ഫയലുകളിൽ ആവശ്യമായ രേഖകളൊന്നും സൂക്ഷിക്കുന്നില്ല. പ്രോജക്റ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സാങ്കേതികാനുമതിയുടെ രേഖ, ഒബ്സേർവ്ഡ് ഡാറ്റയുടെ വിശദാംശങ്ങൾ തുടങ്ങിയ അവശ്യരേഖകൾ പോലും ഫയലിൽ സൂക്ഷിച്ചിട്ടില്ലായിരുന്നു.

4. പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ, സൈറ്റ് കണ്ടീഷൻ, പ്രവൃത്തിയുടെ സ്ഥാനം, ലക്ഷ്യം, പദ്ധതി ചെലവ്, റോഡ് പ്രവൃത്തിയാണെങ്കിൽ ചെയിനേജ് തുടങ്ങിയവ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. ഏതാനും റീടാറിംഗ് പ്രവൃത്തികളിൽ വെറ്റ് മിക്സ് മെക്കാഡം എന്ന് ഇനം ഉൾപ്പെടുത്തിയതായി കണ്ടു. പ്രളയത്തിൽ കൂടുതൽ തകർന്ന റോഡുകളിലാണ് ഇപ്രകാരം ചെയ്യേണ്ടി വന്നതെന്നാണ് അറിയിച്ചത്. സൈറ്റ് കണ്ടീഷനെക്കുറിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വിശദവിവരമുണ്ടായിരുന്നെങ്കിൽ എസ്റ്റിമേറ്റിലെ വിവിധ ഇനങ്ങളുടെ ആവശ്യകത ബോധ്യപ്പെടുമായിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

5. ചെറിയ ചെയിനേജുകളിലായി വാർഡ് അടിസ്ഥാനത്തിൽ ഭാഗികമായ റോഡ് പ്രവൃത്തികൾക്ക് പ്രൊജക്റ്റ് തയ്യാറാക്കുന്നത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് നിരക്കുന്നതല്ല. തൻവർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ ഭൂരിഭാഗം റോഡ് പ്രവൃത്തികളും ഇപ്രകാരമുള്ള ചെറിയ പ്രവൃത്തികളാണ്. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് നടത്തുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഓരോ റോഡിന്റെയും ചെറിയ ഭാഗം മാത്രമാണ് ഓരോ വർഷവും മെയിന്റനൻസ് ചെയ്യുന്നത്. ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

6. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലുണ്ടെങ്കിലും പൂർണ്ണവിവരങ്ങളില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നതിന് പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

7. എല്ലാ പ്രവൃത്തികളും ടെണ്ടർ മുഖേന അംഗീകൃത കരാറുകാരെക്കൊണ്ടാണ് ചെയ്യിച്ചിരിക്കുന്നത്. 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതായി കാണുന്നില്ല. ഒരു പ്രവൃത്തിക്ക് ആകെ ലഭിക്കുന്ന രണ്ട് ടെണ്ടറുകളിൽ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമത്തേത് അതിൽ കൂടുതൽ നിരക്കിൽ ക്വോട്ട് ചെയ്തവയുമാണ്. തൻവർഷം ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ അംഗീകരിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്. DSR 2018 പ്രാബല്യത്തിലാകുന്നതുവരെ പരമാവധി 10 % ടെണ്ടർ എക്സസ് അനുവദിക്കാമെന്ന GO (Rt) No 1778/2021/LSGD Dated 16.09.2021 ഉത്തരവ് ബാധകമായ പ്രവൃത്തികൾക്ക് ടെണ്ടർ എക്സസും നൽകിയിട്ടുണ്ട്.

വരും വർഷം മുതൽ സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കൂൾ ഐ.ടി. ലാബ് - അധികനിരക്ക് നല്കിയത്-64686/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 138/22 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി. സ്കൂൾ |
| ആകെ അടങ്കൽ | 700000 രൂപ |
| ആകെ ചെലവ് | 689220 രൂപ |

മേൽ പദ്ധതിപ്രകാരം ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്കൂളുകളിലേക്ക് ഐ.ടി. ലാബ് ഉപകരണങ്ങൾ

വാങ്ങി നല്കിയിട്ടുണ്ട്. R J എന്റർപ്രൈസസ് വടവാതൂർ, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. സ്കൂളുകളിലേക്ക് ഐ.ടി. ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 830/2022/പൊ.വി.വ. തിയതി 14-2-2022 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളതാണ്. മേൽ വിഷയത്തിൽ സർക്കാർ ഉത്തരവ്(സാധാ) നമ്പർ 3847/2019 /പൊ.വി.വ. തിയതി 27-9-2019 പ്രകാരം മുന്നേ തന്നെ മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുള്ളതാണ്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം മാത്രമാണ് (നിരക്കുകൾ) പുതിയ ഉത്തരവിൽ ഭേദഗതി ചെയ്യപ്പെട്ടിട്ടുള്ളത്. മേൽ നിർദ്ദേശങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്കും ബാധകമായിരിക്കുമെന്ന് പ്രസ്തുത ഉത്തരവിൽതന്നെ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. ആയതനുസരിച്ച് ഐ.ടി. ലാബ് ഉപകരണങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ച നിരക്കിലും അധികമായാണ് പദ്ധതിപ്രകാരം ചില ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | അനുവദിക്കാവുന്നത് (GST ഉൾപ്പെടെ) | നല്കിയത് (GST ഉൾപ്പെടെ) | വ്യത്യാസം | വാങ്ങിയ യൂണിറ്റുകൾക്ക് അനുസൃതമായി അധികം നല്കിയ തുക | ബിൽ നമ്പർ/ചെക്ക് നമ്പർ/തിയതി |
|---|---|---|---|---|---|
| ലാപ്ടോപ്പ് | 43981 രൂപ | 49010.002രൂപ | 5029.002 രൂപ | 5029.002 X 8 = 40232.016 രൂപ | 325/21-3-22 |
| പ്രൊജക്റ്റർ | 31248 രൂപ | 37000 രൂപ | 5752രൂപ | 5752 X 3 =17256 രൂപ | 348/23-3-22, 070031/30-3-22 |
| സ്ക്രീൻ | 2600 രൂപ | 4999.49 രൂപ | 2399.49 രൂപ | 2399.49 X 3 = 7198.47 രൂപ | 342/23-3-22 |
| ആകെ | | | | 64686.486 രൂപ(rounded To 64686/-) | |

മറ്റ് അപാകതകൾ

1. വാങ്ങൽ സംബന്ധിച്ച് ടെണ്ടർ നടപടികളുടെയോ ജെം/cprcs നടപടിക്രമങ്ങളുടെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. ഐ.ടി. ലാബ് ഉപകരണങ്ങൾക്ക് നിഷ്കർഷിക്കപ്പെട്ടിട്ടുള്ള 5 വർഷ വാറന്റി ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

3. ഹാജരാക്കിയ ചെലവ് രേഖകൾ പ്രകാരം ആകെ ചെലവ് 675620/- രൂപയാണ്. സുലേഖ ചെലവ് പത്രികയിലെ ചെലവ് തുക 689229/- രൂപയാണ്. ഇവ തമ്മിൽ 13600/- രൂപയുടെ വ്യത്യാസം ഉണ്ട്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നം.15, തീ: 16.02.23) നല്കിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികമായി ചെലവ് ചെയ്ത 64686/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തിയിട്ടുള്ളത് | |

## 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | 01.04.2021 ലെ മുന്നിരിപ്പ് | 2021-22ൽ ലഭിച്ച തുക | ആകെ പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 6,75,502 | 1,00,000 | പാലിയേറ്റീവ് കെയർ (S5/22) | 99,661 | 339 |
| | | 3,20,000 | ലൈഫ് ഭവനപദ്ധതി-4/22 | 0 | 3,20,000 |
| | | 3,75,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S 21/22) | 3,75,000 | 6,03,007 |
| | | 1,50,000 | പാൽ സബ്സിഡി (S 49/22) | 1,50,000 | |
| | | 11,60,000 | ലൈഫ് ഭവനപദ്ധതി-4/22 | 11,60,000 | |
| | | 0 | കുരിശുപള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീം മോട്ടോർ ഷെഡ്-140/22 | 72,495 | |
| ജില്ലാ പഞ്ചായത്ത് | 84,514 | 3,25,000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠനസഹായം (S 21/22) | 3,25,000 | 84,514 |
| | | 3,96,000 | നെൽകൃഷിക്ക് കൂലിച്ചെലവ് (S 28/22) | 3,96,000 | |
| | | 55,050 | പാൽ സബ്സിഡി (S 49/22) | 55,050 | |
| ആകെ | 760016 | 28,81,050 | 36,41,066 | 26,33,206 | 10,07,860 |

വാർഷിക കണക്ക് പ്രകാരം ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരിപ്പ് 10,00,000/- രൂപയാണ്. തൻവർഷത്തെ ഈ അക്കൗണ്ടിൽ നിന്നും സർക്കാർ റിഡെംപ്ഷനായി പിൻവലിച്ച തുകയായ 25,107/- രൂപ കൂടി പരിഗണിക്കുമ്പോൾ ആകെ നീക്കിയിരിപ്പുതുക 10,25,107/- രൂപയാകും. എന്നാൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തു ഫണ്ടുകളുടെ ലെഡ്ജർ പ്രകാരം ആകെ നീക്കിയിരിപ്പ് 10,07,860/- രൂപ മാത്രമാണ്. 17,247/-രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 14/16.02.2023) നൽകിയിരുന്നു. മുൻവർഷങ്ങളിൽ ജോയിന്റ്

വെഞ്ചർ അക്കൗണ്ടിൽ നിന്നും ചെലഴിക്കുകയും എന്നാൽ ഗുണഭോക്താവിന്റെ അക്കൗണ്ട് വിവരങ്ങൾ തെറ്റായതുമൂലമോ, മറ്റ് കാരണങ്ങളാലോ ക്രെഡിറ്റാവാതെ, ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 17,247/-രൂപ തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതുമൂലമാണ് ഇത്തരത്തിൽ വ്യത്യാസം വന്നിട്ടുള്ളതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്.

വിവിധ പദ്ധതികൾക്കായി ചെലവഴിക്കുന്ന തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് യഥാസമയം പരിശോധിച്ചുറപ്പാക്കേണ്ടത് അതാത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തിയതിലുള്ള തെറ്റുകൾ യഥാസമയം ട്രഷറി അധികൃതരെ അറിയിച്ച് തെറ്റുതിരുത്തിയിരുന്നുവെങ്കിൽ ഇത്തരത്തിൽ ട്രഷറി സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുക യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുമായിരുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 142/22- കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 297/09.03.2022 | 15,65,000 | 0 | 15,65,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ചെലവുകളില്ല. തിരിച്ചടക്കാനുള്ള വായ്പകളൊന്നും ശേഷിക്കുന്നില്ല .

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,64,60,425 |
| തൻവർഷം നിക്ഷേപിച്ച തുക | 530040 |
| ആകെ | 1,69,90,465 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 11,92,645 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,57,97,820 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ബാങ്കിന്റെ പേര് | തുക | നിക്ഷേപത്തിന്റെ വിവരം |
|---|---|---|
| Union Bank Kunnukara Branch | 59,93,819 | Rt. No. 154413/28.10.2021 |

| | | |
|---|---|---|
| Union Bank Kunnukara Branch | 48,04,001 | Rt. No. 154414/ 26.03.2022 |
| State Bank Of India, Kuthiyayhodu Branch | 50,00,000 | Rt. No.369698/ 27.03.2022 |
| ആകെ | 1,57,97,820 | |

വാർഷിക കണക്കു പ്രകാരം 420800101 -Investments- Fixed Deposits എന്ന ഹെഡിൽ 1,59,27,372/-രൂപയാണ് നീക്കിയിരിപ്പുള്ളത്. 2020-01 വർഷം പലിശയായി ലഭിച്ച 129552/- രൂപ തെറ്റായി 2021-22 വർഷത്തിലും കണക്കിൽപ്പെടുത്തിയതിനാലാണ് വാർഷികകണക്കിലെ പ്രസ്തുത ഹെഡിലെ തുകയും യഥാർത്ഥ സ്ഥിരനിക്ഷേപ തുകയും തമ്മിൽ വ്യത്യാസം വന്നിട്ടുള്ളത്. പിന്നീട് 25.08.2022 ൽ അക്കൗണ്ട് കറക്ഷൻ നടത്തി വ്യത്യാസം ക്രമീകരിച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 ഖ. 13 | 2003-04 ഖ - 14 | വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്- അധിക ചെലവ് 66130/- രൂപ | പാലക്കാട് ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ തുടർന്നു വരുന്നു. |
| 2016-17 ഖ 2-2 | 2016-17 | KSEB യുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | രസീത് നം. 11606500040/ 25.1.2017 പ്രകാരം 2500/- രൂപ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74699218 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73501063 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 64,686 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3057650 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|---|

| | നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 2021-22 | (3-1) | - | 64,686 | സുജാത എം. എൻ ഹെഡ്മിസ്ട്രസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 5,26,966 | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-20 | 11655 | ശ്രീ. അഫ്സൽ രാജ് എം. ആർ, സെക്രട്ടറി |
| 1-22 | 27,229 | ശ്രീ. സുരേഷ് എസ് പി , അസിസ്റ്റന്റ് സെക്രട്ടറി . |
| 1-23 | 2,30,000 | ശ്രീ. അഫ്സൽരാജ്.എം.ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-24 | 5,06,800 | ശ്രീ. അഫ്സൽരാജ്.എം.ആർ., സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-25 | 15,65,000 | ശ്രീ. അഫ്സൽരാജ്.എം.ആർ. സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-26 | 1,90,000 | ശ്രീ. സുരേഷ് എസ് പി , അസിസ്റ്റന്റ് സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ആകെ | 30,57,650 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുജാത എം എൻ, ഹെഡ്മിസ്ട്രസ് | എച്ച്..എം. ജി.യു.പി.എസ് കുറുമശ്ശേരി, | കുവപ്പറമ്പിൽ വീട്, കുറുമശ്ശേരി പി.ഒ-683571 |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി , വടക്കേക്കര ഗ്രാമപഞ്ചായത്ത് | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ വീട് അന്നമനട |
| ശ്രീ.അഫ്സൽ രാജ്. എം.ആർ, സെക്രട്ടറി | സെക്രട്ടറി , വേങ്ങൂർ ഗ്രാമപഞ്ചായത്ത് | കൊള്ളാർകുളങ്ങര ഹൗസ്, അവലൂക്കുന്ന് പി.ഒ, സൗത്ത് ആര്യാട് , ആലപ്പുഴ. |

| | | |
|---|---|---|
| സുരേഷ് എസ് പി., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുന്നുകര ഗ്രാമപഞ്ചായത്ത് | ശ്രീകണ്ഠേശ്വരത്ത് വാരിയം, എളവൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1997-98 | എൽ.എഫ്.ഇ(പി3)1582/98 തീയതി 30.06.00 |
| 1998-99 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1999-00 | എൽ.എഫ്.ഇ(പി3)1175/ തീയതി 01.06.04 |
| 2000-01, 2001-02 | എൽ.എഫ്.ഇ(പി3)947/04 തീയതി 01.01.05 |
| 2002-03 (ചെലവ്) | എൽ.എഫ്.ഇ(പി3)1304/ തീയതി 22.02.04 |
| 2003-04 | എൽ.എഫ്.ഇ(പി3)16/07 തീയതി 13.02.08 |
| 2004-05 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2005-06 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2007-08 | എൽ.എഫ്.ഇ(പി3)991/08 തീയതി 11.05.09 |
| 2008-09 | എൽ.എഫ്.ഇ(പി3)843/11 തീയതി 23.12.11 |
| 2009-10 | എൽ.എഫ്.ഇ(പി3)1805/11 തീയതി 21.10.11 |
| 2010-11 | എൽ.എഫ്.ഇ(പി3)1806/11 തീയതി 21.10.11 |
| 2014-15 | എൽ.എഫ്.ഇ(പി11)880/16 തീയതി 07.06.16 |
| 2015-16 | എൽ.എഫ്.ഇ(പി11)1908/16 തീയതി 30.11.16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി11)1266/17 തീയതി 21.7.2017/ 26.9.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി11)173/19 തീയതി 05.02.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി11)1580/19 തീയതി 15.11.19/29.01.20 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി11)179/22 തീയതി 17.05.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി11)179/22 തീയതി 17.05.202 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഫീസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്